LIBRARY ARCHIVES Kerala Legislative Assembly

പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ച് ഓടുന്ന ബസ്സുകൾ

100 (4825) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 192 (എ) പ്രകാരം പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ച് ഓടുന്ന ബസ്സുകൾക്കെതിരെ പോലീസിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 192 (A) പ്രകാരം പെർമിറ്റ് വയലേഷന് 2,000 മുതൽ 5,000 രൂപ വരെ പിഴ ഈടാക്കുന്നു. നിയമ ലംഘനം ആവർത്തിച്ചാൽ പിഴ തുക 10,000 രൂപ വരെ ഈടാക്കുന്നതാണ്. ഉടമതര നിയമ ലംഘനം നടത്തിയാൽ ടി വാഹനത്തിന്റെ പെർമിറ്റ് റദ്ദാക്കുക/സസ്പെൻഡ് ചെയ്യുന്ന തടക്കമുള്ള നടപടിയ്ക്ക് ബന്ധപ്പെട്ട ആർ.ടി.ഒ.-യ്ക്ക് റിപ്പോർട്ട് ഹാജരാക്കുന്നതാണ്.

അന്തിക്കാട് പോലീസ് സ്റ്റേഷൻ

101 (4826) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷന്റെ പരിധിയിൽ ഏതെല്ലാം പഞ്ചായത്തുകളാണ് വരുന്നത്?

തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷന്റെ പരിധിയിൽ അന്തിക്കാട്, ചാഴൂർ, താന്ന്യം, മണലൂർ, അരിമ്പൂർ എന്നീ അഞ്ച് പഞ്ചായത്തുകളുണ്ട്.

(ബി) വിസ്തൃതമായ ഭൂപ്രദേശത്തിന്റെ ക്രമസമാധാന ചുമതലയുള്ള അന്തിക്കാട് പോലീസ് സ്റ്റേഷനിൽ മതിയായ പോലീസ് ഉദ്യോഗസ്ഥരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അനുവദിക്കപ്പെട്ട തസ്തികകളിൽ ചില ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അന്തിക്കാട് പോലീസ് സ്റ്റേഷന് അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമാണ്?

അന്തിക്കാട് പോലീസ് സ്റ്റേഷന് ഇൻസ്പെക്ടർ - 1, സബ് ഇൻസ്പെക്ടർ - 3, എ.എസ്.ഐ.-2, എസ്.സി.പി.ഒ-8, സി.പി.ഒ.-28, ഡബ്ല്യു.സി.പി.ഒ.-3, ഡ്രൈവർ സി.പി.ഒ.-1, പാർട്ട് ടൈം സ്വീപ്പർ - 1 എന്നീ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്.